കേരള സർക്കാർ

# സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - സർവ്വീസ് സംഘടന - കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റീസ് എംപ്ളോയീസ് അസോസിയേഷന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (കൈ) 37/2014/ഉഭപവ.     തിരുവനന്തപുരം, തീയതി 10/11/2014

പരാമർശം :
1. കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റീസ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റിന്റെ 7/7/2010-ലെ അപേക്ഷയും അനുബന്ധ രേഖകളും
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21/7/2010, 11/11/2010, 3/12/2010, 05/06/2014, 30/08/2014, 27/09/2014 എന്നീ തീയതികളിലെ G3-25708/2010, E7-25708/2014 നം. കത്തുകൾ
3. കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റീസ് എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ജോൺ കോശി ബഹു. Kerala Administrative Tribunal-ൽ ഫയൽ ചെയ്ത O.A No. 1992/2012-ൽ KAT പുറപ്പെടുവിച്ച 10/1/2014-ലെ വിധിന്യായവും 117/2014 നം. കോടതിയലക്ഷ്യ കേസിലെ നിർദ്ദേശങ്ങളും.

### ഉത്തരവ്

സാമൂഹ്യനീതിവകുപ്പിലെ കേരളാ സ്റ്റേറ്റ് സോഷ്യൽ ജസ്റ്റീസ് എംപ്ളോയീസ് അസോസിയേഷന് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊ് സംഘടനാ ഭാരവാഹികൾ നല്കിയ പരാമർശം (1) ലെ അപേക്ഷ പരാമർശം (2) ലെ കത്തുപ്രകാരം സാമൂഹ്യ നീതി ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സംഘടനയ്ക്ക് അംഗീകാരം നല്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു. ഈ സാഹചര്യത്തിൽ അസോസിയേഷന്റെ പ്രസിഡണ്ട് ബഹു. KAT-ൽ സൂചന (3)-ലെ O.A 1992/12 ഫയൽ ചെയ്യുകയും അതിൽ KAT 10/1/14-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരം വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം പരാതിക്കാരനെ നേരിൽ കേട്ടതിനു ശേഷം വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി 21/4/2014-ൽ പരാതിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി. എന്നാൽ സമയപരിധിയ്ക്കകം വിധിന്യായം നടപ്പിലാക്കാൻ കഴിയാതിരുന്നതിനാൽ പരാതിക്കാരൻ 117/14-ാം നം. കോടതിയലക്ഷ്യകേസ് ഫയൽ ചെയ്യുകയും അതിന്മേൽ നല്കിയ നിർദ്ദേശപ്രകാരം 15/9/14 മുതൽ 2 മാസത്തിനകം കോടതിവിധി നടപ്പാക്കുവാൻ നിർദ്ദേശം നല്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ പ്രസ്തുത കോടതി വിധിയിലെ നിർദ്ദേശമനുസരിച്ച് കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റിസ് അസോസിയേഷൻ സമർപ്പിച്ച അംഗീകാരത്തിനു വേണ്ടിയുള്ള രേഖകൾ സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നല്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള Kerala Government Servants Conduct ചട്ടങ്ങളിലെ ചട്ടം 77-ലെ വ്യവസ്ഥകൾ സംഘടന പാലിയ്ക്കുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റിസ് എംപ്ളോയീസ് അസോസിയേഷന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അസോസിയേഷന്റെ നിയമാവലിയിൽ ഭേദഗതി വരുത്തുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി നേടേണ്ടതാണ്. വാർഷിക സാമ്പത്തിക സ്റ്റേറ്റുമെന്റ്, ഭാരവാഹികളുടെ ലിസ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ വകുപ്പ് മേധാവി മുഖാന്തിരം യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

അംഗീകൃത സർവ്വീസ് സംഘടനകളുടെ പട്ടികയിൽ കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റീസ് എംപ്ലോയീസ് അസോസിയേഷന് നൽകിയിരിക്കുന്ന ക്രമനമ്പർ 308 ആണ്. അസോസിയേഷന്റെ എല്ലാ കത്തിടപാടുകളിലും ടി നമ്പർ ചേർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ. അജയകുമാർ
സെക്രട്ടറി

To

പ്രസിഡണ്ട്/ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റീസ് എംപ്ളോയീസ് അസോസിയേഷൻ, M.A.R.A-15, തിരുവനന്തപുരം, 695025 (മുട്ടട)
സോഷ്യൽ ജസ്റ്റീസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യനീതി (എ) വകുപ്പ്. ( 20/10/14-ലെ U.O (F) 1340/A1/12/SJD പ്രകാരം)
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
രജിസ്ട്രാർ, Kerala Administrative Tribunal, വഞ്ചിയൂർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ